പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4058 16.05 .2017 ലെ മറുപടിയ്ക്ക്

മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II

ചോദ്യം

ശ്രീ. പി. ഉബൈദുള്ള

ഉത്തരം

ഡോ. കെ.റ്റി. ജലീൽ
(ബഹു. തദ്ദേശ സ്വയംഭരണവും
ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ്
തീർത്ഥാടനവും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കേരള ഹെൽത്ത് സർവ്വീസിന്റെ കീഴിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസ്സായവരെ മുൻസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്ക് നിയമനത്തിനായി പരിഗണിക്കുമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | നിലവിലെ സ്പെഷ്യൽ റൂളിൽ ഈ തസ്തികയിലെ നിയമനത്തിനായുള്ള യോഗ്യതയിൽ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസ് നടത്തുന്ന ഡി.എച്ച്.ഐ. കോഴ്സ് ഉൾപ്പെട്ടിട്ടില്ല. ഇത്തരം കോഴ്സുകൾ യോഗ്യതയായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും മറ്റ് അനുബന്ധ കാര്യങ്ങളിലും പി.എസ്.സി. സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | ഇക്കാര്യത്തിൽ നഗരകാര്യ ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | ബി) | ഈ വിഷയത്തിലുള്ള പി.എസ്.സി. യുടെ കത്ത് പ്രകാരം സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നിലവിൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 കോഴ്സിന്റെ യോഗ്യതയായി 2 വർഷം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടേഴ്സ് കോഴ്സ് ഉൾപ്പെടുത്തിയിട്ടില്ലാത്തതാണെന്നും ആയതിനാൽ നിലവിലെ വിജ്ഞാപന പ്രകാരമുള്ള നിയമനത്തിന് തൽസ്ഥിതി തുടരാവുന്നതാണെന്നും എന്നാൽ ഭാവിയിൽ ഉണ്ടാകുന്ന വിജ്ഞാപനത്തിന് ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് സർട്ടിഫിക്കറ്റ് കൂടി അടിസ്ഥാന യോഗ്യതയായി ഉൾപ്പെടുത്തി വിജ്ഞാപനം നടത്താവുന്നതുമാണ് എന്നുള്ള വിവരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | നിലവിൽ പ്രസ്തുത കോഴ്സ് പൂർത്തിയാക്കിയവർ മുനിസിപ്പൽ | (സി) | നിലവിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടേഴ്സ് കോഴ്സ് പാസ്സായവർ മുനിസിപ്പൽ |

| | | | |
|---|---|---|---|
| | കോമൺ സർവ്വീസിൽ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | | കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തികയിലെ നിയമനത്തിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതയുടെ അടിസ്ഥാനത്തിലാണ് നഗരകാര്യ വകുപ്പിൽ നിന്നും പി.എസ്.സി. യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്. അതിനെത്തുടർന്ന് പി.എസ്.സി. നിയമന ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കാണ് നഗരകാര്യ വകുപ്പിൽ നിന്നും നിയമനം നൽകി വരുന്നത്. |
| (ഡി) | നിലവിലുള്ള ഹെൽത്ത് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽ നിന്നും മുൻസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേയ്ക്ക് കൂടി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | റാങ്ക് ലിസ്റ്റ് സംബന്ധിച്ചുള്ള തീരുമാനമെടുക്കുന്നത് പി.എസ്.സി. യാണ്. |

സെക്ഷൻ ഓഫീസർ